പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 109</u> <u>28.10.2019 ൽ മറുപടിക്ക്</u>

## തിരുവനന്തപുരത്ത് നിന്ന് കൂടുതൽ വിമാന സർവ്വീസുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.എസ്.ശിവകുമാർ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | എയർലൈൻ മേധാവികളുമായി മുഖ്യമന്ത്രി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം വിമാനത്താവളത്തിൽ നിന്ന് കൂടുതൽ വിമാന സർവ്വീസുകൾ ആരംഭിക്കാമെന്ന ഉറപ്പ് ലഭിച്ചിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും | കൂടുതൽ വിമാന സർവ്വീസുകൾ ആരംഭിക്കാമെന്ന സന്നദ്ധത അറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം - ഡൽഹി - തിരുവനന്തപുരം, മുംബൈ - തിരുവനന്തപുരം - മുംബൈ റൂട്ടുകളിൽ സ്പൈസ് ജെറ്റ് ദൈനംദിന സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. ചെന്നൈ - തിരുവനന്തപുരം - ചെന്നൈ, തിരുവനന്തപുരം - മാലി - തിരുവനന്തപുരം എന്നിവിടങ്ങളിലേക്ക് 20.11.2019 മുതൽ ദൈനംദിന സർവ്വീസ് ആരംഭിക്കുന്നതാണ്.<br>വിസ്താര എയർലൈൻസ് 09.11.2019 മുതൽ ഡൽഹി - തിരുവനന്തപുരം - ഡൽഹി ദൈനംദിന സർവ്വീസ് ആരംഭിക്കുന്നതാണ്.<br>27.10.2019 മുതൽ ചെന്നൈ/ബാംഗ്ലൂർ എന്നിവിടങ്ങളിലേക്ക് ദൈനംദിന സർവ്വീസ് നടത്തുന്നതിന് "ഗോ എയറിന്" ഡി.ജി.സി.എ യുടെ അനുമതി ലഭിച്ചിട്ടുണ്ട്.<br>ഇൻഡിഗോ നവംബർ 2019 ൽ ബാംഗ്ലൂരിലേക്ക് ദൈനംദിന അധിക സർവ്വീസ് നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | തിരുവനന്തപുരത്തുനിന്നും എത്ര വിമാനസർവ്വീസുകൾ ആരംഭിക്കുമെന്നാണ് ഉറപ്പു ലഭിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | | |
| (സി) | നാളിതുവരെ ഇതിൽ എത്ര സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ